"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-Non Plan works 2020-21- Improvements to Pandikudy Chellanam road between ch: 7/400 to 9/900 and 10/050 to 17/900-എന്ന പ്രവൃത്തിയിൽ നിന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.884/2024/PWD തീയതി,തിരുവനന്തപുരം, 31-08-2024

---

പരാമർശം:- പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 17/04/2024 തീയതിയിലെ CEPWD/6061/2021-C6(W)-RD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

**Non Plan works 2020-21- Improvements to Pandikudy Chellanam road between ch: 7/400 to 9/900 and 10/050 to 17/900**-എന്ന പ്രവൃത്തി **16/09/2021** തീയതിയിൽ **9** മാസം പൂർത്തീകരണ കാലാവധിയോടു കൂടി കരാർ വച്ച് കരാറുകാരന് സൈറ്റ് കൈമാറി നൽകയിട്ടുള്ളതാണ് എന്നും ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുസരിച്ച് പ്രവൃത്തി തുടർന്ന് പോകുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ചും പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശകത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുസരിച്ച് പ്രവൃത്തി തുടർന്ന് പോകുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചും താഴെ പറയും പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ പ്രവൃത്തി ഏകദേശം **10 Km** നീളത്തിലാണ് ചെയ്യേണ്ടത്. കടൽക്കയറ്റം രൂക്ഷമായ ഈ പ്രദേശത്തു വേലിയേറ്റം മൂലമുള്ള വെള്ളപ്പൊക്കം കാരണം പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. റോഡിലെ അവസാനത്തെ **3Km** നീളത്തിൽ റോഡിനിരുവശവും കേരള വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നത് മൂലം ആ ഭാഗത്ത് ടാറിംഗ് പ്രവൃത്തികൾ ഒഴിവാക്കി ബാക്കിയുള്ള **7Km** റോഡിൽ ടാറിംഗ് പ്രവൃത്തികൾ **2022** ജനുവരി മാസത്തിൽ ആരംഭിച്ചിരുന്നു. **3** കി മി ഭാഗത്ത് ടാറിംഗ് പ്രവൃത്തികൾ വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തികരിക്കുന്നതുവരെ നിർത്തിവയ്ക്കാൻ കരാറുകാരന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ലീക്ക് റെക്ടിഫിക്കേഷന് വേണ്ടി നിരന്തരം **road cutting** ചെയ്യുന്നതിനാൽ പുനരാരംഭിച്ച ടാറിങ് പ്രവൃത്തികൾ ഏതാനും ദിവസങ്ങൾക്കു ശേഷം വീണ്ടും നിർത്തി വച്ചു. കൂടാതെ ഈ റോഡിൽ പൈപ്പ് ലീക്ക് ഇപ്പോഴും രൂപപ്പെടുന്നുണ്ട്. റോഡ് കട്ടിംഗ് നടത്തിയ ഭാഗങ്ങളിൽ ചെല്ലാനം കടൽ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭാരവാഹനങ്ങളുടെ അമിത ഭാരം ഏൽക്കുന്നത് മൂലം റോഡിന് തകരാർ സംഭവിച്ച്

ആ ഭാഗം ഇരുന്നു പോകുന്നുണ്ട്. കടൽ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള യന്ത്ര സാമഗ്രികൾ റോഡിൽ ഉപയോഗിക്കുന്നത് മൂലവും Weigh Bridge- ലേക്ക് ഭാരവാഹനങ്ങൾ തിരിഞ്ഞ് കയറുന്നതു മൂലവും റോഡ് തകർന്നിരിക്കുകയാണ്. റോഡിലെ ടാറിങ് പ്രവൃത്തികൾ പൂർത്തികരിക്കാൻ സാധിക്കാത്തതിനാൽ നിരവധിയിടങ്ങളിൽ കുഴികൾ രൂപപ്പെടുന്നതിനാൽ കരാറുകാരൻ ഷെഡ്യൂൾ പ്രകാരമുള്ളതിനേക്കാൾ അധികമായി Pothole filling ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി, തന്നെ കരാറിൽ നിന്നും നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്നതിനായി കരാറുകാരൻ WP(C) No. 20191/2023 സമർപ്പിക്കുകയും ആയതിൽ 21/06/2023 ലെ ഉത്തരവ് പ്രകാരം ആലുവ സൂപ്രണ്ടിങ് എൻജിനീയർ കരാറുകാരനുമായി ഹിയറിങ് നടത്തിയതിനെ തുടർന്ന് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും റോഡിലെ കുഴികൾ അടച്ച ഗതാഗത യോഗ്യമാക്കുന്നതിനും കരാറുകാരന് നിർദേശം നൽകിയിരുന്നു എന്നും കോടതിയുടെ പരിഗണനയിൽ ഉള്ള ഈ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ല എന്നും, കരാർ പ്രകാരമുള്ളതിനേക്കാൾ അധികമായി ഇപ്പോൾ തന്നെ Pothole filling ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തന്നെ തുടർന്നും കുഴികൾ അടക്കേണ്ടത് തന്റെ ബാധ്യതയല്ല എന്നും കരാറുകാരൻ അറിയിച്ചിരിക്കുന്നതായി കത്തിൽ പറയുന്നു. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും ഒടുക്കി ലഭിച്ച തുക original പ്രവൃത്തിയുടെ supplement agreement ആയി കരാർ വെച്ച് ഈ കരാറുകാരന് കൈമാറിയതാണ്. എന്നാൽ കോടതി പരിഗണനയിൽ ഉള്ള ഒറിജിനൽ പ്രവൃത്തിയുടെ കരാറിന്റെ Supplemental ആയി കരാർ വെച്ചിട്ടുള്ള റെസ്റ്റോറേഷൻ പ്രവൃത്തിക്കു നിയമസാധുതയില്ലാത്തതിനാൽ ടി പ്രവൃത്തി ചെയ്യുവാൻ സാധിക്കുകയില്ല എന്ന് കരാറുകാരൻ അറിയിച്ചു. ആയതിനാൽ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഹിയറിംഗ് തീരുമാന പ്രകാരം നിലവിലുള്ള കരാറുകാരനെക്കൊണ്ട് റോഡിൽ നിലവിലുള്ള കുഴികൾ അടച്ച് അപകടാവസ്ഥ ഒഴിവാക്കിയ ശേഷം സൈറ്റിൽ മേൽ വിവരിച്ച സാഹചര്യങ്ങൾ നിലനിൽക്കുന്നതു മൂലം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം നിലവിലുള്ള കരാറുകാരനെ മേൽ വിഷയത്തിലെ പ്രവൃത്തിയിൽ നിന്നും Risk and Cost ഇല്ലാതെ ഒഴിവാക്കാവുന്നതാണെന്നും മാത്രമല്ല നിലവിലെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി താൽകാലികമായി പരിഹരിക്കുന്നതിനുള്ള അനുവാദം കൂടി നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Non Plan works 2020-21-Improvements to Pandikudy Chellanam road between ch: 7/400 to 9/900 and 10/050 to 17/900-എന്ന പ്രവൃത്തിയുടെ നിലവിലുള്ള കരാറുകാരനെ, കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച കാരണമല്ല പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്നും കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരു വിധ കരാർ ലംഘനവും ഉണ്ടായിട്ടില്ല എന്നും ചീഫ് എൻജിനിയർ ഉറപ്പാക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി നഷ്ടോത്തരവാദിത്വമില്ലാതെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും, നിലവിലെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി താൽകാലികമായി പരിഹരിക്കുന്നതിനുള്ള അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A MUMTHAS BEEGOM
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് നിരത്തുകൾ വിഭാഗം,തിരുവനന്തപുരം
സൂപ്രണ്ടിംഗ് എഞ്ചിനീയർ,മധ്യമേഖല,പൊതുമരാമത്ത് വകുപ്പ്,ആലുവ

എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത് നിരത്തുകൾ വിഭാഗം,എറണാകുളം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം

ധനകാര്യ വകുപ്പ്(ഫയൽ നം_ഐ&പി.ഡബ്ല്യൂ-ബി-1/203/2024-ധന തീയതി 19/08/2024)

സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha .g.d
സെക്ഷൻ ഓഫീസർ
Date: 31-08-2024 13:42:00